(ഡി) പൊന്നുംവില നിയമത്തിൽ വസ്തു ഉടമകൾക്ക് നൽകുന്ന നഷ്ട പരിഹാരത്തുകയുടെ പലിശ കുറക്കുന്നതിനായി കേന്ദ്രസർക്കാരിന് എഴുതിയിട്ടുണ്ട്.

വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കൽ

11 [3531] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
„ ടി. വി. ചന്ദ്രമോഹൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെയും, മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമമെന്താണ്;

(ബി) പ്രസ്തുത നടപടിക്രമം ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ 23-3-1985-ലെ ജി. ഒ. (പി.) 192/85/ആർഡി. സർക്കാർ ഉത്തര വിന്റെ അടിസ്ഥാനത്തിലാണ് വരുമാന സർട്ടിഫിക്കറ്റ് നൽകി വരുന്നത്. വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിശ്ചിത ഫാറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംസ്ഥാന സർക്കാർ വകുപ്പുകൾ/അധികാരസ്ഥാ നങ്ങൾ മുൻപാകെ നൽകപ്പെടേണ്ട വരുമാന സർട്ടിഫിക്കറ്റ് നൽകുന്ന അധികാരസ്ഥൻ വില്ലേജാഫീസറും കേന്ദ്ര സർക്കാർ വകുപ്പുകൾ മുൻപാകെ ഹാജരാക്കേണ്ട സർട്ടി ഫിക്കറ്റുകൾ നൽകേണ്ട അധികാരസ്ഥൻ തഹസിൽദാരുമാണ്.

(ബി) തൽക്കാലം നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

തീര സുരഭി പദ്ധതി പ്രകാരം കൈവശരേഖ

12 [3532] *ശ്രീ. വി. ഡി. സതീശൻ:*
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. വാഹിദ്:
ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സുരഭി പദ്ധതിപ്രകാരം ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് അവർ താമസിക്കുന്ന ഭൂമിയുടെ കൈവശരേഖ നൽകി;

(ബി) ഇനി എത്ര പേർക്ക് കൈവശരേഖ നൽകാനുണ്ട്;

(സി) അവർക്ക് കൈവശരേഖ നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ത്;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly